**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6712** **11-07-2024 - ൽ മറുപടിയ്ക്ക്**

**കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ്, ഷോർട്ട്ഹാന്റ് പരീക്ഷകളിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പരീക്ഷാ ഭവൻ നടത്തുന്ന കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ്, ഷോർട്ട്ഹാന്റ് തുടങ്ങിയ വിവിധ പരീക്ഷകൾക്ക് അപേക്ഷകൾ സമർപ്പിക്കുമ്പോൾ എസ്.എസ്.എൽ.സി. ഉൾപ്പെടെയുള്ള സർട്ടിഫിക്കറ്റുകൾ ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണമെന്ന് നിബന്ധനയുണ്ടോ; വ്യക്തമാക്കുമോ; | (എ) | കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ്, ഷോർട്ട്ഹാന്റ് തുടങ്ങിയ വിവിധ പരീക്ഷകൾക്ക് അപേക്ഷകൾ സമർപ്പിക്കുമ്പോൾ ജനനതീയതി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ഏതെങ്കിലും ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിരിക്കണമെന്ന് പരീക്ഷാ വിജ്ഞാപനത്തിൽ നിർദ്ദേശിക്കാറുണ്ട്. പ്രസ്തുത പരീക്ഷയുടെ അടിസ്ഥാന യോഗ്യത എസ്.എസ്.എൽ.സി ആണ്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും പത്താംക്ലാസ് പാസ്സായവരും എൻ.ഐ.ഒ.എസ് മുഖേന പത്താംക്ലാസ് പാസ്സായവരും പ്രസ്തുത പരീക്ഷയ്ക്ക് അപേക്ഷിക്കാറുണ്ട്. കൂടാതെ ടൈപ്പ് റൈറ്റിംഗ് ലോവർ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് പാസ്സായതിന് ശേഷം ആയതിന്റെ ഹയറിന് പരീക്ഷാഭവനിൽ അപേക്ഷിക്കുന്നവരുമുണ്ട്. ആയതിനാലാണ് സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളത്. എന്നിരുന്നാലും സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ഏതെങ്കിലും ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല എന്ന കാരണത്താൽ ഒരു അപേക്ഷയും നിരസിക്കാറില്ല. |
| (ബി) | മറ്റ് സർക്കാർ ആഫീസുകളിൽ അപേക്ഷ സമർപ്പിക്കുമ്പോൾ സർട്ടിഫിക്കറ്റുകൾ സ്വയം സാക്ഷ്യപ്പെടുത്തി നൽകിയാൽ മതി എന്ന വ്യവസ്ഥ നിലനിൽക്കുന്നതിനാൽ, പരീക്ഷാഭവൻ നടത്തുന്ന പരീക്ഷകളിലും ഈ വ്യവസ്ഥ ഏർപ്പെടുത്താൻ ആവശ്യമായ നിർദ്ദേശം നൽകുമോ? | (ബി) | കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ്, ഷോർട്ട്ഹാന്റ് തുടങ്ങിയ വിവിധ പരീക്ഷകൾക്ക് അപേക്ഷകൾ സമർപ്പിക്കുമ്പോൾ ജനനതീയതി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ഏതെങ്കിലും ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിരിക്കണമെന്ന് പരീക്ഷാ വിജ്ഞാപനത്തിൽ നിർദ്ദേശിക്കാറുണ്ട്. പ്രസ്തുത പരീക്ഷയുടെ അടിസ്ഥാന യോഗ്യത എസ്.എസ്.എൽ.സി ആണ്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും പത്താംക്ലാസ് പാസ്സായവരും എൻ.ഐ.ഒ.എസ് മുഖേന പത്താംക്ലാസ് |

| | | | |
|---|---|---|---|
| | | | പാസ്സായവരും പ്രസ്തുത പരീക്ഷയ്ക്ക് അപേക്ഷിക്കാറുണ്ട്. കൂടാതെ ടൈപ്പ് റൈറ്റിംഗ് ലോവർ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് പാസ്സായതിന് ശേഷം ആയതിന്റെ ഹയറിന് പരീക്ഷാഭവനിൽ അപേക്ഷിക്കുന്നവരുമുണ്ട്. ആയതിനാലാണ് സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളത്. എന്നിരുന്നാലും സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ഏതെങ്കിലും ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല എന്ന കാരണത്താൽ ഒരു അപേക്ഷയും നിരസിക്കാറില്ല. |

സെക്ഷൻ ഓഫീസർ